# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 04-11-2019 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **2265**

## വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിൽ കരാർ ലംഘനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.സി.ജോർജ്ജ്: | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് അദാനി കമ്പനി ഏതെങ്കിലും തരത്തിൽ എഗ്രിമെന്റ് വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;<br><br>(ബി) നിലവിലെ വ്യവസ്ഥകൾ പ്രകാരം എഗ്രിമെന്റ് ലംഘിച്ചിട്ടുണ്ടെങ്കിൽ എത്ര തുക നഷ്ടപരിഹാര ഇനത്തിൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (എ) യും (ബി) യും | കരാർ വ്യവസ്ഥയനുസരിച്ച് കൺസഷൻ കാലയളവ് ആരംഭിച്ച് 690-ാം ദിവസത്തിനുള്ളിൽ പദ്ധതിയുടെ സാമ്പത്തിക പാക്കേജിൽ പ്രതിപാദിച്ചിട്ടുള്ള പ്രോജക്ട് തുകയുടെ 25 ശതമാനം തുകയെങ്കിലും കരാർ കമ്പനി പദ്ധതിയ്ക്കായി ചെലവഴിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് (നാഴികക്കല്ല്-II). എന്നാൽ, കരാർ കമ്പനി ലഭ്യമാക്കിയ രേഖകൾ (ഓഡിറ്ററുടെ സർട്ടിഫിക്കറ്റ്) പ്രകാരം ടി നാഴികക്കല്ല് കൈവരിക്കുന്നതിനാവശ്യമായ തുക 690 ദിവസത്തിനുള്ളിൽ പദ്ധതിക്കുവേണ്ടി ചെലവഴിച്ചിട്ടില്ലായിരുന്നു. ഇത് കരാർവ്യവസ്ഥയുടെ ലംഘനമായതിനാൽ നാഴികക്കല്ല് കൈവരിക്കുന്നതിൽ ഉണ്ടായ കാലതാമസ്സത്തിന് പ്രതിദിനം 12 ലക്ഷം രൂപ എന്ന നിരക്കിൽ അദാനി കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാൻ വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥപ്രകാരം 18.96 കോടി രൂപ പിഴ ഈടാക്കുന്നതിനുള്ള നോട്ടീസ് കരാർ കമ്പനിക്ക് നൽകിയിട്ടുണ്ട്. എന്നാൽ, ചെലവുകൾ സംബന്ധിച്ച കണക്കിനോടൊപ്പം തങ്ങൾ ധനകാര്യസ്ഥാപനത്തിൽ നിന്നും എടുത്തിട്ടുള്ള Letter of Credit കൂടി പരിഗണിച്ച് പിഴ ചുമത്തുന്നത് ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് അദാനി കമ്പനി കത്ത് നൽകിയിരുന്നു. ഇക്കാര്യം പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ